# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 12** **January 2017** **No.9**


## എഡിറ്റോറിയൽ

വൈവാഹിക ബന്ധത്തെ സംബന്ധിച്ച് ധാരാളം തെറ്റിദ്ധാരണകൾ സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് നിരവധി ഭവനങ്ങൾ ഛിദ്രമാക്കപ്പെടുന്നു എന്നത് പരമാർത്ഥമാണ്. അവരുടെ മക്കളുടെ സ്വഭാവം അതിനാൽ ബാധിക്കപ്പെടുന്നു. കുടുംബകോടതികളിലെ കേസുകൾ അനുദിനം വർദ്ധിച്ചുവരികയാണ്. ഇത് കുടുംബാംഗങ്ങളെയും സമുദായങ്ങളെയും സമൂഹങ്ങളെയും അപകീർത്തിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഈ അധഃപ്പതനത്തിന് പരിഹാരം കണ്ടില്ലെങ്കിൽ ഭാവി തലമുറ നാശത്തിലകപ്പെടുമെന്നോർക്കുക. അതുകൊണ്ട് നിങ്ങൾക്കും എനിക്കും ഇതിന് ക്രിയാത്മകമായ ഒരു ഉത്തരവാദിത്വമുണ്ട്. അതിൽനിന്ന് നാം ഒഴിഞ്ഞുമാറരുത്. ഇതിനു നിലനിൽക്കുന്ന ഏക പരിഹാരം ദൈവികമാണ്. ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യമാർഗമാണ് ഓരോരുത്തരും സ്വീകരിക്കേണ്ടത്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്ന് കണ്ടിട്ട് അവന്ന് തക്കതായ ഒരു തുണയെ ഒരുക്കി കൊടുത്തു. അങ്ങനെ ദൈവം സ്ത്രീയെയും പുരുഷനെയും വിവാഹബന്ധത്തിൽ യോജിപ്പിച്ച് കുടുംബജീവിതത്തെ രൂപപ്പെടുത്തി.

അവർ സന്താനപുഷ്ടിയുള്ളവരായി തീരുവാൻ ദൈവം അവരെ അനുഗ്രഹിക്കുന്നു. ഭാര്യയും ഭർത്താവും പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും ഏക മനസോടെ ജീവിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. അവർക്കിടയിൽ ഭിന്നതയോ ശണ്ഠയോ ഉണ്ടാകാതെ സൂക്ഷിക്കണം. ആരും ആരേക്കാളും കുറവുള്ളവരോ ശ്രേഷ്ടതയുള്ളവരോ അല്ല. ഓരോരുത്തർക്കും അവരവരുടെ കടമകളും സ്ഥാനങ്ങളും സൃഷ്ടികർത്താവ് തന്നെ നിശ്ചയിച്ചിരിക്കുന്നു. അതിന് മാറ്റം വരുത്തുവാൻ ശ്രമി

ക്കുമ്പോഴാണ് പ്രശ്നങ്ങൾ ഉത്ഭവിക്കുന്നത്. അതായത് അടിസ്ഥാനം തെറ്റിയാൽ എത്ര വലിയ കെട്ടിടം പണിതാലും അത് തകർന്നു പോകുമെന്ന് നമുക്ക് അറിയാം. അതുപോലെയാണ് കുടുംബവും. യഹോവ വീട് പണിയാതിരുന്നാൽ പണിയുന്നവൻ വൃഥാ അദ്ധ്വാനിക്കുകയാണ്. ദൈവത്താൽ പണിയുക എന്നു പറഞ്ഞാൽ വചനത്താൽ പണിയുക എന്നർത്ഥം. വചനാടിസ്ഥാനം കുടുംബ നിലനിൽപിന് അത്യന്താപേക്ഷിതമാണ്. പണമോ പ്രതാപമോ അല്ലെങ്കിൽ മറ്റെന്തു തന്നെ നോക്കിയാലും കുടുംബ ഭദ്രതക്ക് അവ ഒന്നും മാനദണ്ഡമല്ല എന്നു കാണാം. ദൈവ വചനം അനുസരിച്ച് രക്ഷപ്രാപിക്കുകയും കർത്താവിന്റെ കൽപനകൾക്ക് തന്നെത്തന്നെ ഏൽപിക്കുകയും ചെയ്ത പുരുഷനും സ്ത്രീയുമാണ് വിവാഹബന്ധത്തിൽ ഒന്നാകുന്നതെങ്കിൽ അവർക്ക് അന്യോന്യം കീഴ്പ്പെടുവാൻ പ്രയാസം കാണുകയില്ല. പരസ്പരം ക്ഷമിക്കുവാനും പൊറുക്കുവാനും സഹിക്കുവാനും അവർ തയ്യാറാകും.

നിബന്ധന കൂടാതെ അന്യോന്യം സ്നേഹിക്കുവാൻ ഒരു യഥാർത്ഥ ദൈവപൈതലിന് കഴിയും. ധനം വർദ്ധിക്കുകയോ സ്വന്ത വരുമാനം പങ്കാളിയുടെ വരുമാനത്തേക്കാൾ ഉയരുകയോ ചെയ്യുമ്പോൾ ഒരാൾ മറ്റെയാളെ താഴ്ത്തി സംസാരിക്കുവാൻ ശ്രമിക്കരുത്. ധനത്തിലോ സാമ്പത്തികമായ ഉയർച്ചയിലോ അഹങ്കരിക്കുവാൻ ശ്രമിക്കുകയോ അതിൽ ആശ്രയിച്ച് അസഹിഷ്ണുത പ്രകടിപ്പിക്കുകയോ ചെയ്യരുത്. കാരണം അത് സ്ഥിരതയുള്ളതല്ല എന്നറിയുക. ഒരാൾ മറ്റൊരാളെ തന്റെ ആഗ്രഹമോ ആശയമോ അടിച്ചേൽപിക്കരുത്. കുടുംബ ജീവിതം സമാധാപൂർണ്ണമാക്കുവാൻ കുടുംബാംഗങ്ങൾ എല്ലാവരും കൂട്ടായി പരിശ്രമിക്കണം. അതിന് ദൈവ സഹായം അനിവാര്യമാണ്. പ്രാർത്ഥന മുടക്കാതിരിക്കുക. അബദ്ധങ്ങൾ ആവർത്തിക്കപ്പെടാതിരിപ്പാനും ബുദ്ധിയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യുവാനും ദൈവിക പരിജ്ഞാനം വേണം. അതിനാണ് നിരന്തരമായ വചന പഠനം ദൈവം നിശ്ചയിച്ചിരിക്കുന്നത്. കുറവുകൾ പരിഹരിക്കുവാനും വിജയിക്കുവാനും ആ പഠനം സഹായിക്കും. മക്കൾ ജനിക്കുമ്പോൾ അവരെ പത്ഥ്യവചനത്തിലും ബാലശിക്ഷയിലും വളർത്തണം. പണസമ്പാദ്യത്തിന് മുൻതൂക്കം കൊടുക്കരുത്. അത് ലോകത്തിന്റെ കാഴ്ച്ചപ്പാടാണ്.

നിങ്ങൾ ദൈവ വചന പ്രകാരം രക്ഷിക്കപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ കർത്താവിന്റെ സഭയിലെ ആരെയെങ്കിലും ബന്ധപ്പെട്ടാൽ അവർ നിങ്ങളെ സഹായിക്കും. തുടർന്ന് ദൈവത്തെ ആരാധിച്ച്, അവനിൽ ആശ്രയിച്ച് മരണത്തോളം വിശ്വസ്തരായി ജീവിക്കുക.

# എന്തൊരാനന്ദം!

## *J.C.* ചോട്ട്

സന്തോഷം അനുഭവിക്കുവാൻ ആഗ്രഹിക്കാത്ത മനുഷ്യർ വിരളമായിരിക്കും. പക്ഷെ അത് ലഭിക്കുവാൻ എന്തു ചെയ്യണം എന്ന കാര്യത്തിൽ ആളുകൾക്ക് വിവിധങ്ങളായ അഭിപ്രായങ്ങളാണുള്ളത്. കാരണം അവർ ലോകത്തിൽനിന്നു ലഭിച്ച ജ്ഞാനത്താലാണ് കാര്യങ്ങളെ നോക്കി കാണുവാൻ ശ്രമിക്കുന്നത്. അതുകൊണ്ട് അവർ പരാജയം നേരിടുന്നു. ഏതു കാര്യത്തിലും നാം വിജയിക്കണമെന്നുണ്ടെങ്കിൽ വിജയിച്ചവനെ മാതൃകയാക്കണം. മനുഷ്യരെ അനുഗമിക്കുന്നവർ തോറ്റുപോകും എന്ന കാര്യത്തിൽ സംശയമില്ല. നാം അനുഗമിക്കേണ്ടതും അനുകരിക്കേണ്ടതും കർത്താവായ യേശുവിനെ ആണ്. കാരണം അവൻ ലോകത്തുള്ള സകല മനുഷ്യർക്കുമായി ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അധികം ആളുകളും അത് മനസിലാക്കാതെ പോകുന്നു. പിശാച് ആളുകളുടെ ഉൾക്കണ്ണിന്റെ കാഴ്ച്ച മറ്റൊന്നിലേക്ക് തിരിച്ചുവിട്ടിരിക്കയാണ്. അതിനാൽ അവർക്ക് ആത്മികമായ കാഴ്ച്ചപ്പാട് ഇല്ല.

ജീവിക്കുന്ന ഏക സത്യദൈവം ഉണ്ടെന്നും, പ്രപഞ്ച സൃഷ്ടാവായ അവന്റെ നിയന്ത്രണത്തിലാണ് സകലതും പ്രവർത്തിക്കുന്നത് എന്നതും അറിയുന്നത് നമ്മെ ആനന്ദിപ്പിക്കും. നമ്മെ ആനന്ദിപ്പിക്കുന്ന പല ഘടകങ്ങളിൽ ഒന്നാണ് അത്. അങ്ങനെയുള്ള ദൈവം തന്റെ സാദൃശത്തിൽ സൃഷ്ടിച്ച മനുഷ്യർ നിയമലംഘനങ്ങൾ നടത്തി നിത്യനാശത്തിലേക്ക് പോകുന്നത് ഒഴിവാക്കുവാൻ അവൻ തന്റെ ഏകജാതനായ പുത്രനെ നമുക്ക് വേണ്ടി മരിപ്പാൻ അനുവദിച്ച അവന്റെ മഹാ കൃപ എന്തെന്നു മനസിലാക്കുന്നത് എത്രത്തോളം നമ്മെ സന്തോഷിപ്പിക്കുന്നതാണ് എന്നറിയുക. ദൈവം അങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്ന് തിരിച്ചറിയുക. പരിശുദ്ധനായ ദൈവത്തെ കുറിച്ചുള്ള പരിജ്ഞാനമില്ലാത്തതുകൊണ്ടാണ് ഭൂരിഭാഗം പേർക്കും ശരിയായി വിവേചിക്കുവാൻ കഴിയാത്തത്. ക്രിസ്തുയേശുവിന്റെ പരിജ്ഞാനമാണ് സകല മനുഷ്യർക്കും ആവശ്യം. ദൈവഹിതമെന്തെന്ന് അവന്റെ പുസ്തകത്തിൽനിന്ന് വായിച്ചു മനസിലാക്കണം.

ദൈവേഷ്ടം ദൈവശ്വാസിയമായി എഴുതിയിരിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ എന്ന് തിരിച്ചറിയുക. അതിൽ യാതൊരു വൈപരീത്യമോ അപര്യാപ്തതയോ ഇല്ല എന്നത് നമ്മെ ആനന്ദിപ്പിക്കുക തന്നെ ചെയ്യും. എന്നാൽ എല്ലാവർക്കും ആ അറിവ് ഇല്ല എന്നത് ഖേദകരമാണ്. വിശ്വാസം കൂടാതെ നമുക്ക് ഈ ഭൂമിയിൽ ജീവിക്കുവാൻ പ്രയാസമാണ്. ദൈവത്തെ പ്രസാദിപ്പിക്കുവാൻ വിശ്വാസം കൂടിയേ തീരു. വിശ്വാസം അന്യോന്യമുള്ള ബന്ധത്തെ ഉറപ്പിക്കും. പരസ്പര വിശ്വാസം നഷ്ടപ്പെടുമ്പോഴാണ് പ്രശ്നങ്ങൾ നേരിടുന്നത്. മനസമാധാനം നഷ്ടപ്പെടുന്നത് അപ്പോഴാണ്, അങ്ങനെ ക്രിയാത്മകശേഷി കുറയുകയും ചെയ്യും. വചനമാണ് കർത്താവ് എന്നു തിരിച്ചറിയുമ്പോൾ നാം തിരുവെഴുത്തുകളെ ബഹുമാനിക്കും. സ്വയമായി ഓരോരുത്തരും വചനം മനസിലാക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ജീവിപ്പിക്കുന്ന ആത്മാവിനാൽ നൽകിയിരിക്കുന്ന വചനത്തിൽ ദൈവശക്തി ഉൾപ്പെടുന്നു എന്നത് നമ്മിൽ സന്തോഷം നൽകുന്നു.

മനുഷ്യരെല്ലാവരും പാപം ചെയ്ത് ദൈവത്തിൽനിന്നും അകന്നുപോയപ്പോൾ ദൈവം തന്റെ ഏകജാതനായ പുത്രനെ പാപപരിഹാരയാഗമാകുവാൻ അയച്ചു എന്നത് നമ്മെ ആനന്ദിപ്പിക്കുക തന്നെ ചെയ്യും. കാരണം നമ്മുടെ പാപങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ നമുക്ക് സാധ്യമല്ല. അതറിഞ്ഞ മനസലിവുള്ള പിതാവ് നമ്മോട് കനിവ് കാണിച്ചതുകൊണ്ട് നിത്യനാശത്തിൽ നിന്നും നമ്മെ നിത്യജീവങ്കലേക്ക് പ്രവേശിക്കുമാറാക്കി. അതിനാൽ ആണ് സുവിശേഷം എന്ന് അവന്റെ യാഗത്തെ അറിയുവാൻ തുടങ്ങിയത്. സുവിശേഷം കേട്ട് വിശ്വസിച്ച് അനുസരിക്കുന്നത് എത്ര സന്തോഷമാണ്. അകൃത്യം മോചിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ച് ദൈവകൽപനകളനുസരിച്ച് ദൈവപൈതലാകുക എന്നതു തികച്ചും ഭാഗ്യകരമായ അവസ്ഥ തന്നെയാണ്. ദൈവത്തോട് ബന്ധമില്ലാതെ അന്യരും പരദേശികളുമായി ജീവിച്ചവരെ ദൈവത്തിന്റെ ഭവനക്കാരാക്കുക എന്നത് ദൈവത്തിന്റെ പദ്ധതിയാണ്. അവന്റെ ഭവനത്തിൽ അംഗമാകുക എന്നത് മഹത്തായ അനുഗ്രഹം തന്നെയാണ്. പിതാവിനാൽ ആകർഷിക്കപ്പെടാതെ ആർക്കും കർത്താവിന്റെ സന്നിധിയിൽ എത്തുവാൻ കഴിയുകയില്ല.

ദൈവം സൃഷ്ടികർത്താവായതിനാൽ അവന്റെ സൃഷ്ടികളു

മായി ഇടപെട്ടുകൊണ്ടിരിക്കും. അത് മനസിലാക്കുമ്പോഴാണ് ദൈവ വുമായുള്ള ബന്ധം മറ്റു ബന്ധങ്ങളേക്കാൾ വലുതാണ്. ഏവരു ടെയും പ്രത്യാശയായ ക്രിസ്തുവിൽ സകല ജാതികളും വിശ്വസി ക്കേണ്ടതിന് എല്ലാ ശിഷ്യന്മാരും സുവിശേഷം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നത് എത്ര സന്തോഷപ്രദമാണ്! നമ്മുടെ ബലഹീനതകളെ കണക്കിലെടുക്കാതെ ദൈവം നമ്മെ തികഞ്ഞവ രാക്കി തീർക്കുവാനാണ് ശ്രമിക്കുന്നത്. അതിന് നാം നമ്മെത്തന്നെ ദൈവത്തിന് ഏൽപിച്ചുകൊടുക്കുമ്പോഴാണ് അത് അനുഭവിക്കുവാൻ നമുക്ക് കഴിയുന്നത്.

ദൈവം എന്തു ചെയ്യണമെന്നും എന്തു ചെയ്യരുതെന്നും പറയു വാൻ നമ്മൾ ആരുമല്ല. അവൻ ചെയ്യുന്നതിനെല്ലാം നന്ദിചെലുത്തു വാൻ മാത്രമെ നമുക്ക് കഴിയുകയുള്ളു. സകലവും അവന്റെ നിയ ന്ത്രണത്തിലായിരിക്കയാൽ നാം എല്ലാറ്റിനും അവനിൽ മാത്രം ആശ്ര യിക്കണമെന്നു മാത്രം. അപ്പോഴാണ് നമുക്ക് ആനന്ദിക്കുവാൻ കഴി യുന്നത്. ശരിയായ വഴി ത്യജിച്ച് തെറ്റായ ഏതൊരു വഴിയും ആളു കൾ തിരഞ്ഞെടുക്കുന്നതു കാണുമ്പോൾ നമുക്ക് വിഷമം തോന്നും. കർത്താവിന്റെ സഭയിലായി കുറച്ചു കഴിയുമ്പോൾ ചില ആളുകൾക്ക് സഭയിൽ നിലനിൽക്കുന്നത് കർശനവും ഇടുങ്ങിയതുമായ അവ സ്ഥയായി തോന്നുന്നു. കർത്താവിന്റെ വഴി എന്നു പറയുന്നത് പ്രത്യേ കതയുള്ളതും താരതമ്യം ചെയ്യുവാൻ കഴിയാത്തതുമാണ്. അതി നാൽ അവർ തങ്ങളുടെ നിലവാരത്തിലേക്ക് തരം താഴുന്നു എന്ന താണ് പരമാർത്ഥം. മറ്റുള്ള രാജ്യങ്ങൾക്കുള്ളതുപോലെ തങ്ങൾക്കും ഒരു രാജാവിനെ വേണമെന്ന് ആഗ്രഹിച്ച യിസ്രായേ ലിനെ പോലെയാണ് ഇന്ന് ചില ക്രിസ്ത്യാനികൾ. ലോകത്തിലുള്ള പലതും അനുകരിക്കുവാനും സഭയിലേക്ക് പരിചയപ്പെടുത്തുവാനും അവർ ആഗ്രഹിക്കുന്നു. കർത്താവിന്റെ സഭയുടെ വിശുദ്ധിയും നിർമ്മലതയും എന്തെന്ന് അവർ തിരിച്ചറിയാത്തതാണ് കാരണം.

ആളുകളെ ആകർഷിക്കുവാനായി ചിലർ ബൈബിളിലില്ലാത്ത പലതും കൂട്ടിച്ചേർക്കും. ജനങ്ങളെ രസിപ്പിക്കുവാനായി അവരുടെ താൽപ്പര്യമനുസരിച്ച് കാര്യങ്ങൾ ക്രമപ്പെടുത്തും. അത് ദൈവഹിത മാണോ എന്നു പരിശോധിക്കുകയില്ല. അങ്ങനെ ചെയ്ത് അവർ ദൈവത്തെ കോപിപ്പിക്കുകയാണ്. ദൈവത്തെ ആരാധിക്കുന്നവർ തങ്ങൾ ദൈവത്തിന് അർപ്പിക്കുന്ന ആരാധന അവൻ സ്വീകരിക്കുമോ

ഇല്ലയോ എന്ന് തിരിച്ചറിയണം. അല്ലെങ്കിൽ അവരുടെ ആരാധന നിഷ്പ്രയോജനമാകും. മാനുഷകൽപ്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്നു കർത്താവ് തെളിവായി പറഞ്ഞിരിക്കുന്നു (മത്തായി 15:9). സത്യ ദൈവത്തെ തള്ളിക്കളഞ്ഞാൽ വലിയ വില കൊടുക്കേണ്ടി വരും എന്ന് യഹോവയായ ദൈവം യിസ്രായേൽ ജനത്തോട് അറിയിച്ചിരുന്നു. ഇന്ന് കർത്താവിനെ തള്ളിക്കളയുന്നവരും അവസാനം വലിയവില കൊടുക്കേണ്ടി വരും. അവരുടെ ആത്മാക്കൾ നിത്യനാശത്തിനിരയാകും എന്നതാണ് ഫലം. മനുഷ്യർക്ക് ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ടാൽ അതിനേക്കാൾ വലിയ നഷ്ടം മറ്റൊന്നില്ല.

കർത്താവിങ്കലേക്ക് തിരിയുന്നവർ ലോകത്തിലുള്ളവരിൽനിന്നും അവരുടെ മതപരമായ ആചാരങ്ങളിൽനിന്നും വ്യത്യസ്തരാകും. കർത്താവിന്റെ വഴി തികവുള്ളതും പരിഷ്ക്കാരം ആവശ്യമില്ലാത്തതുമാണ്. കർത്താവായ യേശുക്രിസ്തു അവസാനം വീണ്ടും വരുന്നതുവരെ നിലനിൽക്കുന്ന വാഗ്ദാനങ്ങൾക്കും അനുഗ്രഹങ്ങൾക്കും മാറ്റം വരുത്തേണ്ട ആവശ്യമില്ല. പുതിയനിയമ കാലയളവാണ് ഇപ്പോൾ. ഈ കാലത്തിന് ആവശ്യമായ എല്ലാ ഉപദേശങ്ങളും നിർദ്ദേശങ്ങളും തിരുവെഴുത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു എന്നത് നമ്മെ ആനന്ദിപ്പിക്കുക തന്നെ ചെയ്യും. ദൈവികമായ രീതികളും വഴിയുമാണ് ഏതൊരു സ്ത്രീക്കും പുരുഷനും ആവശ്യം. കർത്താവിന്റെ കൽപനകളും വഴികളുമാണ് ഏതൊരാൾക്കും വേണ്ടത്. തെറ്റുകുറ്റങ്ങളുള്ള മനുഷ്യർക്ക് യാതൊരു തെറ്റുമില്ലാത്ത ദൈവത്തെ എങ്ങനെ പരിഷ്ക്കരിക്കുവാൻ കഴിയും? ✶

# സഭയുടെ തല ക്രിസ്തു

## എഡ്വേഡ് ഹോൾട്

സഭ എന്നാൽ ലോകത്തിൽനിന്ന് സുവിശേഷത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ്. ക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ താൻ തന്റെ സഭ പണിയും എന്നു വാഗ്ദാനം ചെയ്തിരുന്നു. അവൻ മരിച്ച് അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റ ശേഷം അപ്പൊ

സ്തലന്മാരുടെയും പ്രവാചകന്മാരുടേയും പ്രവർത്തനത്തോടുകൂടി സഭ ആരംഭിക്കുകയുണ്ടായി. രക്ഷിക്കപ്പെടുന്നവരെയാണ് കർത്താവ് തന്റെ സഭയോട് ചേർത്തുകൊണ്ടിരുന്നത്. സഭ എന്നത് ഭൗതികമായ ഒരുസ്ഥാപനമല്ല, ആത്മികമായ സ്ഥാപനമാണ്. ആത്മാക്കളെ വിശുദ്ധീകരിച്ച് ഒരുമിച്ച് ചേർക്കുകയാണ് ചെയ്യുന്നത്. ഭൗതികമായ ശരീരത്തിന് ഒരു തലയുള്ളതുപോലെ ആത്മിക സഭയായ ശരീരത്തിനും ഒരു തലയുണ്ട്. ക്രിസ്തുവാണ് സഭയെ നിയന്ത്രിക്കുന്നതും ഭരിക്കുന്നതും. ക്രിസ്തുവിന്റെ നിയമങ്ങളും നിർദ്ദേശങ്ങളുമാണ് സഭയിലുള്ള അംഗങ്ങൾ അനുസരിക്കേണ്ടത്. ക്രിസ്തു യജമാനനും പരമാധികാരിയുമാണ്.

ക്രിസ്തു ആത്മിക രാജ്യത്തിന്റെ രാജാവാണ്. അവന്റെ രാജ്യം ഈ ലോകപ്രകാരമുള്ള ഒന്നല്ല. ഭൗതികമായ ഭരണമല്ല അവൻ നടത്തുന്നത്. ആത്മിക ഭരണമാണ്. ക്രിസ്തു സഭയുടെ തലയാണെന്ന് പറയുന്ന വേദഭാഗങ്ങൾ നിരവധിയാണ് (കൊലൊസ്യർ 1:18; 1 കൊരിന്ത്യർ 11:3). ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്ക് തലയാകുന്നതുപോലെ ഭർത്താവ് ഭാര്യക്ക് തലയാകുന്നു (എഫെസ്യർ 5:23).കൊമ്പുകൾക്ക് മുന്തിരിവള്ളിയിൽനിന്നു പോഷകാംശങ്ങൾ ലഭിക്കുന്നതുപോലെ. കർത്താവിന്റെ ശരീരത്തിലായവർക്ക് ആവശ്യമുള്ളതെല്ലാം ലഭിക്കുന്നത് ക്രിസ്തുവിൽനിന്നാണ്.. സകലത്തെയും സൃഷ്ടിച്ചത് ക്രിസ്തുവാണ്. സിംഹാസനങ്ങളാകട്ടെ, കർത്തൃത്വങ്ങളാകട്ടെ, വാഴ്ച്ചകളാകട്ടെ സകലവും അവന്റെ നിയന്ത്രണത്തിലാണ്. ചുരുക്കി പറഞ്ഞാൽ സകല അധികാരവും അവന്നു നൽകപ്പെട്ടിരിക്കുന്നു. പ്രപഞ്ചത്തിലെ നദികളും പർവ്വതങ്ങളും മഴയും വെയിലും മഞ്ഞുമെല്ലാം അവന്റെ ആജ്ഞാനുസരണമാണ് പ്രവർത്തിക്കുന്നത്. സുര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുക. അവയുടെ പ്രവർത്തനങ്ങളെ ശ്രദ്ധിച്ചാൽ സൃഷ്ടികർത്താവിന്റെ മഹത്വം ഗ്രഹിക്കുവാൻ കഴിയും.

സർവ്വശക്തനായ ദൈവം തന്റെ സാദൃശത്തിൽ സൃഷ്ടിച്ച മനുഷ്യനെ കുറിച്ച് അവൻ വളരെ കരുതലുള്ളവനാണ്. ദൈവത്തിൽനിന്നും അകന്നു പോയാൽ മനുഷ്യർ നശിച്ചുപോകുമെന്ന് അറിയാവുന്ന സർവ്വജ്ഞാനിയായ ദൈവം അതിന്റെ പരിഹാരത്തിനായി തന്റെ ഏകജാതനായ പുത്രനെ പാപയാഗമാക്കി തീർത്തു.

ആത്മികമായി മനുഷ്യർ ജീവിക്കേണ്ടതിന് പാപത്തെ ജഡത്തിൽ ശിക്ഷിക്കേണ്ടത് അനിവാര്യമായിരുന്നു. പാപം ചെയ്യുന്ന ദേഹി മരിക്കണമെന്നതാണ് ദൈവ നിയമം. സർവ്വലോകത്തിന്റെയും പാപം വഹിച്ചുകൊണ്ടായിരുന്നു ക്രിസ്തു സ്വയം മരണത്തിന് ഏൽപിച്ചു കൊടുത്തത്. വാസ്തവത്തിൽ മനുഷ്യരെ പാപത്തിൽ വീഴ്ത്തുന്നത് പിശാചാണ്. അവന്റെ പ്രലോഭനത്താലോ തെറ്റായ വാഗ്ദാനത്താലോ ആളുകൾ വഞ്ചിക്കപ്പെടുകയാണ്. ഏദെൻതോട്ടത്തിലായിരുന്ന ആദ്യമനുഷ്യർ തുടങ്ങി ഇന്നും ആളുകൾ നിയമലംഘനം നടത്തി ഭൗതികമായി ജീവിച്ചുകൊണ്ടിരിക്കുന്നു. പക്ഷെ അവർ ആത്മിയ മരണത്തിലാണെന്ന് തിരിച്ചറിയുന്നില്ല.,

ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് തന്റെ പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിനും അവകാശിയാക്കി വെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി. അവൻ അവന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ട് പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയ ശേഷം ഉയരത്തിൽ മഹിമയുടെ സിംഹാസനത്തിൽ ഇരിക്കയും ചെയ്യുന്നു (എബ്രായർ 1:1-3). അവൻ വെറുമൊരു അമാനുഷ വ്യക്തി മാത്രമല്ല, ദൈവികമായ സ്വഭാവം സമ്പൂർണ്ണമായും അവനിൽ നിക്ഷിപ്തമത്രെ. സകല സൽഗുണവും അവനിൽ നിറഞ്ഞിരിക്കുന്നു. അവന്റെ രക്തത്താലാണ് നമ്മെ വിശുദ്ധീകരിക്കുന്നത്. അവന്റെ വചനം കൂടാതെയോ അവന്റെ രക്തം കൂടാതെയോ ആർക്കും രക്ഷയില്ല എന്നു തീർത്തു പറയുവാൻ കഴിയും. ആ ഏകയാഗത്തോട് നിങ്ങൾ ബന്ധപ്പെട്ടിട്ടുണ്ടോ?

ആദിയിൽ വചനം ഉണ്ടായിരുന്നു വചനം ദൈവത്തോടുകൂടിയായിരുന്നു, വചനം ദൈവമായിരുന്നു, വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു, കൃപയും സത്യവും നിറഞ്ഞവനായി തീർന്നു. തന്നെ അനുസരിക്കുന്നവരുടെ രക്ഷാനായകനാണ് കർത്താവ്. അവനിൽ വിശ്വസിച്ച് അവന്റെ വചനം അനുസരിച്ച് രക്ഷിക്കപ്പെടുക.

✶

# ക്രിസ്തുവിന്റെ സഭ ബൈബിളിലെ സഭയോ?

**ബോബ് ഡാങ്ക്ലെഫ്സെൻ**

ക്രിസ്തുവിന്റെ സഭ എന്നറിയപ്പെടുന്ന സഭ ബൈബിളിൽ വായിക്കുന്ന സഭയാണോ എന്നതാണ് നാം ചിന്തിക്കുവാൻ പോകുന്നത്. ക്രിസ്തുവിന്റെ സഭയെ ഒരു നാമധേയ വിഭാഗമായി കണക്കാക്കുന്നവരുണ്ട്. അത് സഭയെ കുറിച്ചു ശരിയായ ധാരണയില്ലാത്തതിനാലാണ്. സഭ എന്നു പറയുന്നത് ഒരു വിഭാഗമല്ല; മറിച്ച് അത് എക്ലേസിയ എന്ന ഗ്രീക്ക് പദത്തിൽനിന്നു നമുക്ക് ലഭിച്ച വാക്കാണ്. വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ് അതിന്റെ അർത്ഥം. ഒരു പ്രത്യേക ഉദ്ദേശത്തിനു വേണ്ടി ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെടുന്നവരെയാണ് സഭ എന്നു വിളിക്കുന്നത്. അത് പേരിൽ മാത്രം അറിയപ്പെടുന്ന വിഭാഗങ്ങളെ പോലെയല്ല, വിശ്വാസത്തിലും, ഉപദേശത്തിലും, ആരാധനയിലും, പരിശീലനത്തിലും ദൈവവചനത്തെ മാത്രം ആസ്പദമാക്കിയുള്ള ഒന്നായിരിക്കണം (കൊലൊ. 3:17).

വർഷങ്ങൾക്ക് മുൻപ് ഞാൻ ഒരു ബൈബിൾ പഠനം നടത്തുന്ന സ്ഥലത്തേക്ക് ചെല്ലുവാനിടയായി. അവിടെ ഞാൻ ചെല്ലുമ്പോൾ ഗൗരവമായ ചോദ്യങ്ങൾ ചിലർ ചോദിക്കുന്നതും പഠിപ്പിക്കുന്ന ആൾ അതിനു തിരുവെഴുത്തിൽനിന്നു തന്നെ മറുപടിയും നൽകുന്നതു കണ്ടപ്പോൾ എനിക്ക് അതിനോട് താൽപര്യം തോന്നി. അത് ക്രിസ്തുവിന്റെ സഭയാൽ നടത്തപ്പെട്ടിരുന്ന പഠനമായിരുന്നു. അടുത്ത ദിവസം ഞാൻ എന്റെ ചോദ്യങ്ങളുമായി ചെന്നു. അവയ്ക്കും മറുപടി വേദപുസ്തകത്തിൽ നിന്നു തന്നെ ആയിരുന്നു. തിരുവെഴുത്തിന്റെ ആധികാരികതയും അദ്ദേഹം വ്യക്തമാക്കി തന്നു. ഇന്ന് ബൈബിളിൽ വിശ്വസിക്കുന്ന നിരവധി പേർ അവരുടെ പ്രവൃത്തികളാൽ ബൈബിളിനെ നിഷേധിക്കുന്നവരായി തീർന്നിരിക്കുന്നു. ദൈവത്തിന്റെ അരുളപ്പാട് മാത്രം സംസാരിച്ചുവന്ന യേശുക്രിസ്തുവിനെ അന്നത്തെ മതാദ്ധ്യക്ഷന്മാർ വെറുക്കുവാനുള്ള കാരണം വളരെ ലളിതമായിരുന്നു. അവർക്ക് ദൈവകൽപന അതേപടി വിശ്വസിപ്പാനും അനുസരിപ്പാനും

കഴിഞ്ഞിരുന്നില്ല. അവർ മാനുഷകൽപനകളെയാണ് കാര്യമാക്കിയത്.

നിത്യജീവൻ ലഭിക്കുവാനായി മനുഷ്യർക്ക് ദൈവം നൽകിയിരിക്കുന്നത് തിരുവെഴുത്ത് മാത്രമാണ്. നാം വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ദൈവം ജീവനുള്ളവനും ഭയങ്കരനുമാണ്. അവൻ ഒന്നു സംസാരിച്ചപ്പോൾ ഈ പ്രപഞ്ചം നിലവിൽ വന്നു (സങ്കീർത്തനങ്ങൾ 148:3-5). മനുഷ്യരെ അവൻ തന്റെ സ്വരൂപത്തിലും സാദൃശത്തിലും നിർമ്മിച്ചു. സൃഷ്ടികർത്താവും മനുഷ്യരും തമ്മിലുള്ള ബന്ധം നിലനിർത്തുവാൻ ആഗ്രഹിച്ച ദൈവം മനുഷ്യരുമായി ആശയവിനിമയം നടത്തുവാൻ ആരംഭിച്ചു. യഹോവയുടെ വചനങ്ങൾ നിർമ്മല വചനങ്ങൾ ആകുന്നു. നിലത്ത് ഉലയിൽ ഉരുക്കി ഏഴു പ്രാവശ്യം ശുദ്ധി ചെയ്ത വെള്ളി പോലെ തന്നെ. യഹോവേ നീ അവരെ കാത്തുകൊള്ളും. ഈ തലമുറയിൽ നീ അവരെ എന്നും സൂക്ഷിക്കും (സങ്കീർത്തനങ്ങൾ 12:6, 7).തന്റെ വചനം എന്നേക്കും ഉള്ളതായിരിക്കുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നു (യെശയ്യാവ് 40:8).

ദൈവം ഭോഷ്ക്ക് പറയാത്തവനും വിശ്വസ്തനുമാകയാൽ അവനെ പൂർണ്ണമായി നമുക്ക് വിശ്വസിക്കാം. നാം ബൈബിൾ വായിക്കുമ്പോൾ, വിശേഷിച്ച് പുതിയനിയമത്തിൽ നമുക്കായുള്ള കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് വെളിപ്പെടുത്തിയിരിക്കുന്നത് കാണാം. പുതിയ നിയമത്തിൽ യേശുക്രിസ്തു മുഖാന്തരം അപ്പൊസ്തലന്മാർക്ക് ലഭിച്ചതും അവർ നമുക്ക് ഏൽപിച്ചു തന്നതും ആയ വചനം നമ്മുടെ രക്ഷക്കായിട്ടാണ് നൽകിയിരിക്കുന്നത്. നമ്മുടെ ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്ക് ദാനമായി തന്നിരിക്കുകയാണ് (2 പത്രൊ. 1:3).

ബൈബിളിൽ സഭയെ വ്യക്തമായി വിവരിച്ചിട്ടുണ്ടോ? ഈ ലോകത്തിന് അടിസ്ഥാനമിടുന്നതിനു മുൻപ് തന്നെ സഭയുടെ സ്ഥാപനം മുൻനിശ്ചയിച്ചിരുന്നു എന്നത് നമ്മെ വിസ്മയിപ്പിക്കും (എഫെ. 1:4-10). മനുഷ്യൻ ദൈവകൽപനയെ ലംഘിച്ച് വീണുപോകുമെന്ന് ദൈവത്തിന് ആദ്യമേ അറിയാമായിരുന്നു. മനുഷ്യരെ വീണ്ടെടുക്കുന്ന ദൈവ പദ്ധതി അവൻ പണ്ട് തന്നെ വാഗ്ദാനം ചെയ്യുകയും അത് തിരുവെഴുത്തിൽ വെളിപ്പെടുത്തുകയും ചെയ്തിരിക്കുന്നു മോശെയോ ദൈവം തന്റെ

ദൗത്യ നിർവ്വഹണത്തിനായി തിരഞ്ഞെടുത്തിരുന്നു. അവനെ പോലെ ഒരു പ്രവാചകനെ എഴുന്നേൽപിക്കുമെന്ന് ദൈവം മുന്നറിയിച്ചിരുന്നു. പഴയ നിയമം നിലവിലിരുന്നപ്പോൾ തന്നെ അവൻ ഒരു പുതിയ നിയമം നൽകുമെന്ന് വാഗ്ദാനം ചെയ്തിരുന്നു (യിരെമ്യാവ് 31:31-33). അത് യെരുശലേമിൽനിന്നു പുറപ്പെടുമെന്നും അവൻ പറഞ്ഞിരുന്നു. പ്രവാചക വാക്യങ്ങളും അതിനെ സാക്ഷീകരിക്കുന്നു എന്നത് വിശ്വാസയോഗ്യമാക്കുന്നു.

പുതിയ നിയമം പ്രാബല്യത്തിലാക്കുക എന്ന ഉദ്ദേശവുമായിട്ടായിരുന്നു യേശു ഈ ഭൂമിയിൽ മനുഷ്യനായി അവതരിച്ചത്. ദൈവരാജ്യ സ്ഥാപനത്തെ കുറിച്ച് ദാനിയേൽ പ്രവാചകൻ പ്രവചിച്ചിരുന്നു (ദാനിയേൽ 2:44). യേശു തന്റെ ശിഷ്യന്മാരുമായി കൂടിയിരിക്കുമ്പോൾ അവരോട് "ഞാൻ എന്റെ സഭയെ പണിയും" എന്നു പറഞ്ഞു. അവൻ രാജ്യം സ്ഥാപിക്കുവാൻ വന്നത് നടക്കാതെ പോയപ്പോൾ സഭ പണിതു എന്ന അബദ്ധ ധാരണ പ്രചരിപ്പിച്ചിട്ടുണ്ട്. അത് അവാസ്തവമാണ്. കാരണം സഭയും ദൈവരാജ്യവും ഒന്നു തന്നെയാണ്. ആ സത്യം മനസിലാക്കാത്തവരാണ് ഇത്തരം തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കുന്നത്. ക്രിസ്തു ഉദ്ദേശിച്ച സമയത്തും ഉദ്ദേശിച്ച രീതിയിലും അവൻ തന്റെ രാജ്യം സ്ഥാപിച്ചു. അപ്പൊസ്തലന്മാരുടെ കാലത്ത് അത് സ്ഥാപിതമായതിന്റെ തെളിവ് കൊലൊസ്യർക്ക് എഴുതിയ ലേഖനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു (കൊലൊ. 1:13, 14). പിന്നീട് അപ്പൊസ്തലനായ പൗലൊസ് സഭയെ ശരീരമായി ഉപമിച്ചിരിക്കുന്നു (എഫെ. 1:22, 23). ക്രിസ്തുവിന്റെ ആത്മിയ ശരീരമാണ് സഭ. വ്യക്തികളായ അംഗങ്ങൾ അതിലെ ഓരോ അവയവങ്ങളാണ്.

സഭ എന്തുകൊണ്ടാണ് പ്രാധാന്യമുള്ളത് എന്നു പറയുന്നത്? ക്രിസ്തുവിനെ പാപികൾക്കായി ക്രൂശിൽ മരിപ്പാൻ അനുവദിച്ചപ്പോഴും സഭ ദൈവ മനസിൽ ഉണ്ടായിരുന്നു എന്നത് സ്പഷ്ടമാണ് (യെശയ്യാവ് 53:4; മത്താ. 28:18). യേശുവിനെ കാണിച്ചുകൊടുക്കുന്നതിന്റെ തലേ രാത്രിയിൽ യേശു അനുഭവിച്ച വേദന അസഹനീയമായിരുന്നു. യെശയ്യാ പ്രവാചകൻ അതിനെ മുൻകൂട്ടി പ്രവചിച്ചിരുന്നു. "എന്റെ ദാസൻ കൃതാർത്ഥനാകും,

അവൻ ഉയർന്നു പൊങ്ങി അത്യന്തം ഉന്നതൻ ആയിരിക്കും. അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും അവന്റെ ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് വിരൂപമായിരിക്കകൊണ്ട് പലരും അവനെ കണ്ടു സ്തംഭിച്ചു പോയി (യെശയ്യാവ് 52:14). സഭ പണിയുവാൻ ദൈവം തന്റെ സ്വന്ത പുത്രനെ തന്നെ നൽകി എന്നതു നോക്കിയാൽ സഭയ്ക്ക് പ്രാധാന്യമില്ലെന്ന് എങ്ങനെ പറയുവാൻ കഴിയും? തിരുവെഴുത്തുകളെ കുറിച്ച് മനസിലാക്കാത്തവരാണ് തെറ്റിദ്ധരിക്കപ്പെടുന്നത്. വചനം പരിശോധിച്ചാൽ മാത്രമാണ് സത്യം ഗ്രഹിക്കുവാൻ കഴിയുക.

ബൈബിളിലെ സഭയെ നമുക്ക് എങ്ങനെ തിരിച്ചറിയുവാൻ കഴിയും എന്നു നോക്കാം. നിങ്ങൾ അംഗമായിരിക്കുന്ന സഭ ബൈബിളിൽ ഉണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് ചിന്തിക്കുകയും ഉത്തരം കണ്ടെത്താൻ ശ്രമിക്കയും വേണം. പ്രവൃത്തികൾ 20:28 ൽ നാം വായിക്കുന്നത് സഭ ക്രിസ്തുവിന്റെ രക്തത്താൽ സമ്പാദിച്ചതാണ്. അതായത് ക്രിസ്തുവിന്റെ മരണവും അതിന് ആവശ്യമായിരുന്നു. ക്രിസ്തുവിന്റെ മരണത്താലായിരുന്നു പുതിയ നിയമം പ്രാബല്യത്തിൽ വന്നത്. മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ് സഭയുടെ തല (കൊലൊ. 1:18). വചനത്താലും രക്തത്താലും സഭയെ ശുദ്ധമാക്കി നിർത്തിയതും യേശുവാണ്. ദൈവത്തിന്റെ കൃപയാലാണ് മനുഷ്യരെ കർത്താവ് രക്ഷിക്കുന്നതും, സഭയിലേക്ക് ചേർക്കുന്നതും. കർത്താവ് മരിക്കുന്നതിനു മുൻപ് ശിഷ്യന്മാരോട് യെരുശലേമിൽ നിന്നു വാങ്ങി പോകാതെ പിതാവിൽനിന്നു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് ലഭിക്കുന്നതിനായി കാത്തിരിക്കുവാനായിരുന്നു അവരോട് കൽപിച്ചിരുന്നത്. അവർ അങ്ങനെ കാത്തിരുന്നു.

പെന്തെക്കൊസ്തു നാളിൽ അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നപ്പോൾ പരിശുദ്ധാത്മാവ് ശക്തിയോടെ അവരിൽ വന്ന് അവർ അന്യഭാഷകളിൽ കൂടി വന്നിരുന്ന യെഹൂദന്മാരോട് സംസാരിച്ചു. കേട്ടവർക്ക് സംശയമുണ്ടായപ്പോൾ അപ്പൊസ്തലനായിരുന്ന പത്രൊസ് സംശയ നിവാരണം വരുത്തി. അന്ന് മുവായിരം പേർ വചനം കേട്ട്, വിശ്വസിച്ച്, മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനമേൽക്കുകയും രക്ഷ പ്രാപിക്കയും

ചെയ്തു. അവരെ കർത്താവ് തന്റെ സഭയോട് ചേർക്കുകയും ചെയ്തു. തുടർന്ന് അവർ ഉപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും പ്രാർത്ഥന കഴിച്ചും അപ്പം നുറുക്കിയും കൂട്ടായ്മ ആചരിക്കുകയും ചെയ്തു. അപ്പൊസ്തലന്മാർ ഉപദേശിച്ചതും പരിശീലിച്ചതും ക്രിസ്തുവിന്റെ ഉപദേശം ആയിരുന്നു. ഇന്ന് പുതിയ നിയമത്തിൽ നാം വായിക്കുന്നതു തെളിവുകൾ ആണ്. തിരിച്ചറിയാവുന്ന തെളിവുകൾ നാം പുതിയ നിയമത്തിൽ വായിക്കുന്നത് പ്രയോഗത്തിൽ വരുത്തിയാൽ അത് ദൈവത്തിന് പ്രസാദകരമായിരിക്കും. വചനത്തിൽ ഇല്ലാത്തത് ചെയ്യാതിരിക്കുകയും കൽപിച്ചിട്ടുള്ളത് അങ്ങനെ തന്നെ ചെയ്യുകയും ചെയ്താൽ നാം കർത്താവിന്റെ അനുയായികൾ എന്ന് ലോകം അറിയും.

സഭയുടെ സ്ഥാപനത്തിന് ദൈവം യേശുക്രിസ്തുവിന്റെ അപ്പൊസ്തലന്മാരെയാണ് ഉപയോഗിച്ചത്. അവർ സുവിശേഷ പ്രസംഗം നടത്തുകയും അത് വിശ്വസിച്ച് അനുസരിക്കുമ്പോൾ അവരെ കർത്താവ് രക്ഷിക്കുന്നു. പാപമോചനം ലഭിച്ചവരും പരിശുദ്ധാത്മാവിന്റെ ദാനം ലഭിച്ചവരുമാണ് രക്ഷിക്കപ്പെട്ടവർ. മനുഷ്യരെല്ലാവരും ദൈവതേജസില്ലാത്തവരായതുകൊണ്ട്, സുവിശേഷം എല്ലാവർക്കും ആവശ്യമാണ്. പാപമാണ് ദൈവത്തിൽ നിന്നും മനുഷ്യരെ അകറ്റുന്നത്. ദൈവത്തിന്റെ കരുണയും കൃപയും നിമിത്തമാണ് നമ്മുടെ അകൃത്യങ്ങൾക്കൊത്തവണ്ണം നമ്മെ ശിക്ഷിക്കാതെ അവനോട് ചേർക്കുവാൻ മനസ് കാണിക്കുന്നത്. സകല മനുഷ്യരും കേൾക്കേണ്ടതും വിശ്വസിക്കേണ്ടതും അനുസരിക്കേണ്ടതും ഒരേഒരു ഉപദേശം മാത്രമാണ്. അത് ക്രിസ്തുവിന്റെ ഉപദേശമാണ്. ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടക്കുന്ന ഒരുത്തനും ദൈവമില്ല (2 യോഹ.9, 10).

ദൈവം അപ്പൊസ്തലന്മാർ മുഖേന ഒരു ഉപദേശ രൂപം നമുക്ക് നൽകിയിട്ടുണ്ട്. അത് നാം ഹൃദയപൂർവ്വം അനുസരിക്കണം (റോമർ 6:17, 18). പാപമോചനം യേശുക്രിസ്തുവിനു മാത്രമേ നൽകുവാൻ കഴിയു. കാരണം അവനാണ് പാപികൾക്ക് വേണ്ടി മരിച്ച് അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റിട്ടുള്ളു. ഇന്ന് നമുക്ക് ആധികാരികമായി

എടുക്കുവാനുള്ളത് ദൈവശ്വാസിയമായ വചനമാണ്. സഭ സംഘടിപ്പിക്കേത് തിരുവെഴുത്ത് അടിസ്ഥാനത്തിലായിരിക്കണം. ഇല്ലെങ്കിൽ അതിന് ആധികാരികത ഉായിരിക്കയില്ല. ദൈവത്തിന്റെ പരമാധികാരം ഇന്ന് നിക്ഷിപ്തമായിരിക്കുന്നത് എഴുതപ്പെട്ട ദൈവത്തിന്റെ അരുളപ്പാടുകളിലാണ്. സഭ എപ്രകാരം ആയിരിക്കണമെന്ന് പുതിയ നിയമത്തിൽ ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാണ് നാം സ്വീകരിക്കേത്. കാരണം മാനുഷിക ഉപദേശങ്ങൾ വിശ്വസിച്ച് അങ്ങനെ ആരാധിക്കുന്നവരുടെ ആരാധന ദൈവം സ്വീകരിക്കയില്ല.

സഭയിൽ മൂപ്പന്മാർ, ശുശ്രൂഷകന്മാർ, ഉപദേഷ്ടാക്കന്മാർ, സുവിശേഷകന്മാർ എന്നിവരെ നമുക്ക് കാണുവാൻ കഴിയുന്നു (എഫെ. 4:11, 12; എബ്രാ. 13:17). അവർക്കെല്ലാം ദൈവം നിശ്ചയിച്ച യോഗ്യതകൾ ആവശ്യമാണ്. സഭ സംഘടിപ്പിക്കേത് തിരുവെഴുത്തുപ്രകാരം ആയിരിക്കണം. അല്ലെങ്കിൽ അതിന് ദൈവത്തിന്റെ അംഗീകാരം ലഭിക്കുകയില്ല. ഓരോ സ്ഥാനത്താക്കിയിരിക്കുന്നവർ അവരവരുടെ കർത്തവ്യങ്ങൾ ദൈവഹിതപ്രകാരം നിർവ്വഹിക്കണം. സഭയെ നടത്തിക്കൊു പോകേതു യോഗ്യതയുള്ള മൂപ്പന്മാരാണ്. ഉപദേശം നൽകുക എന്ന കടമയാണ് ഉപദേഷ്ടാവിനുള്ളത്. സുവിശേഷകന്മാർ പരസ്യമായും വീടുകൾ തോറും ദൈവിക സന്ദേശം അറിയിക്കുവാനുള്ള ചുമതല സുവിശേഷകന്മാർക്കാണ്. ശുശ്രൂഷകന്മാർ സഭയിലേ ഭൗതികമായ ഓരോ കാര്യങ്ങളും ചെയ്തു മൂപ്പന്മാരെയും ഉപദേഷ്ടാവിനെയും സഹായിക്കുക എന്നതാണ് അവരുടെ ജോലി. ആ സ്ഥാനങ്ങളൊന്നും പ്രത്യേക പദവികളല്ല എന്നോർക്കുക.

ദൈവത്തിന്റെ ലളിതമായ ആരാധനാ ക്രമം പുതിയ നിയമത്തിലുള്ളത് നിങ്ങൾ ശ്രദ്ധിക്കുക. ദൈവം സ്വീകരിക്കുന്ന ഒരേ ഒരു ആരാധനാ രീതി യോഹന്നാൻ 4:24 ൽ വായിക്കുന്നു. ദൈവം ആത്മാവാകുന്നു. അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും അവനെ നമസ്ക്കരിക്കണം.. ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ ക്രിസ്ത്യാനികൾ കൂടി വന്ന് പ്രാർത്ഥിക്കുകയും പാട്ടു പാടുകയും ദൈവ വചന പ്രസംഗം കേൾക്കുകയും, അപ്പം

നുറുക്കുകയും കൂട്ടായ്മ അനുഭവിക്കുകയും, ധർമ്മശേഖരം നടത്തുകയും ചെയ്യുന്നത് വചനപ്രകാരമുള്ള ആരാധനയുടെ ഭാഗമാണ്. വചനത്തിൽ എന്ത് എഴുതിയിരിക്കുന്നുവോ അതിനപ്പുറം നാം ഭാവിക്കരുത് എന്ന് നമ്മെ മുന്നറിയിച്ചിരിക്കുന്നു. വചനം നമ്മെ പഠിപ്പിക്കുന്ന രീതിയിൽ വേണം ആരാധനയിൽ അടങ്ങിയിട്ടുള്ള ഓരോന്നും ചെയ്യുവാൻ. ദൈവ വചനത്തോട് കൂട്ടുവാനോ കുറക്കുവാനോ നമുക്ക് അധികാരമില്ല. ആരാധനക്ക് പ്രാധാന്യമുള്ളതുപോലെ തന്നെ അതിൽ ഉൾപ്പെടുന്ന ഓരോ ഭാഗത്തിനും തുല്യപ്രാധാന്യമു്.

പുതിയ നിയമ കാലത്ത് ആരാധനയുടെ ഭാഗമായ ഗാനങ്ങൾ ആലപിക്കുമ്പോൾ ഉപകരണങ്ങൾ ഉപയോഗിച്ചിരുന്നില്ല. ഹൃദയത്തിൽ പാട്ടു പാടുവാനാണ് വചനം നമ്മോട് ആവശ്യപ്പെടുന്നത്. നാം പാട്ട് പാടുന്നത് ദൈവത്തെ സ്തുതിക്കുവാനും അവനെ പ്രസാദിപ്പിക്കുവാനുമാണ്. മനുഷ്യരെ തൃപ്തിപ്പെടുത്തുകയോ, വ്യക്തിപരമായ ഉദ്ദേശമോ അതിൽ കടന്നുവരുവാൻ പാടില്ല. പുതിയ നിയമ കാലത്ത് ഉപകരണങ്ങൾ ഇല്ലാതിരുന്നിട്ടോ അല്ലെങ്കിൽ ആളുകൾക്ക് അതിനുള്ള നൈപുണ്യം ഇല്ലാഞ്ഞിട്ടോ ആയിരുന്നില്ല. പുതിയനിയമത്തിൽ ശാന്തമായി പാടുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ ദൈവസന്നിധിയിൽ അതിന് മൂല്യമു് എന്നോർക്കുക.

ക്രിസ്ത്യാനിയായി മാത്രം അറിയപ്പെടുകയും കർത്താവിന്റെ സഭയ്ക്ക് മഹത്വം കൊടുക്കുകയും വേണം. ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം അവൻ തന്റെ സഭയിലാണ് വെളിപ്പെടുത്തിയിരിക്കുന്നത്. കൂടാതെ വ്യക്തിപരമായി ഓരോരുത്തരും വീും ജനിക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു. വീും ജനിക്കാതെ നമുക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധ്യമല്ല. ദൈവരാജ്യമെന്ന് പറയുന്നത് കർത്താവിന്റെ സഭയാണ്. നിങ്ങൾ കർത്താവിന്റെ സഭയിലായി തീർന്നിട്ടുവോ? ഇല്ലെങ്കിൽ ഇന്നു തന്നെ കർത്താവിന്റെ സഭയിലെ ഉപദേഷ്ടാവുമായി ബന്ധപ്പെടുക. അദ്ദേഹം ദൈവവചനം അനുസരിക്കുവാൻ നിങ്ങളെ സഹായിക്കും. കൂടാതെ തുടർന്നുള്ള ജീവിതം എങ്ങനെയായിരിക്കണമെന്ന നിർദ്ദേശവും ലഭിക്കും.

## അത്ഭുതത്തേക്കാൾ ശ്രേഷ്ഠമായത്

പഴയ നിയമ കാലയളവിലും പുതിയനിയമകാലയളവിന്റെ ആരംഭത്തിലും ധാരാളം അത്ഭുതങ്ങൾ നടന്നിരുന്നതായി തിരുവെഴുത്ത് വ്യക്തമാക്കുന്നു. അവയുടെ ഉദ്ദേശം നാം മനസിലാക്കണം. പുതിയ നിയമ കൽപനകളുടെ പ്രസക്തി മനുഷ്യർ വിചാരിക്കുന്നതിനേക്കാൾ വലുതാണ്. അത്ഭുതങ്ങൾ കാണുവാനും കേൾക്കുവാനും താൽപര്യമുള്ളവരാണ് ആളുകൾ. പഴയനിയമ കാലത്ത് യഹോവയായ ദൈവം ആരാണെന്ന് മിസ്രയിമ്യരെ ബോധ്യമാക്കുവാനും യിസ്രായേൽ ജനത്തിന്റെ ദൈവശക്തി എത്രമാത്രം അവർക്ക് അനുഭവിക്കുവാൻ കഴിയുമെന്നും പ്രവാചകന്മാർ മുഖാന്തരം ദൈവം അവർക്ക് അത്ഭുതകരമായി കാണിച്ചു കൊടുത്തു. ദൈവം തന്റെ ജനത്തെ അത്ഭുതകരമായി വഴി നടത്തി. ദൈവത്തിന് തന്റെ മക്കളോടുള്ള സ്നേഹം അത്രമാത്രം വലുതായിരുന്നു. പക്ഷെ അതെല്ലാം കണ്ടിട്ടും കുറെ കഴിഞ്ഞപ്പോൾ അവർ ദൈവത്തെയും അവന്റെ കൽപനകളെയും ഉപേക്ഷിച്ചു കളഞ്ഞതായി നമുക്ക് ചരിത്രം വെളിപ്പെടുത്തി തരുന്നു.

പുതിയനിയമകാലത്തിന്റെ ആരംഭത്തിൽ ദൈവം അപ്പൊസ്തലന്മാരിൽ കൂടെയും പ്രവാചകന്മാരിൽ കൂടെയും അത്ഭുതകരമായി തന്നെ തന്റെ വചനത്തെ അവൻ ഉറപ്പിച്ചു തന്നിരിക്കുന്നു. അതിനു ശേഷവും അത്ഭുതങ്ങളെയും അടയാളങ്ങളെയും ആശ്രയിക്കുന്നവർ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. നമുക്ക് രോഗികളെ സൗഖ്യമാക്കുവാനും, വെള്ളത്തിന്മീതെ നടക്കുവാനും, മരിച്ചവരെ ഉയർപ്പിക്കുവാനും കഴിഞ്ഞാൽ പുരുഷാരം കൂട്ടം കൂട്ടമായി നമ്മുടെ പുറകെ വരും എന്നതു പരമാർത്ഥമാണ്. പക്ഷെ അത്ഭുതങ്ങൾ ഇല്ലാതെ വന്നാൽ ആളുകൾ പിന്നെയും പഴയ രീതിയിലേക്ക് തിരിയും എന്നതാണ് വാസ്തവം. ആരംഭത്തിൽ ആളുകളുടെ വിശ്വാസത്തിനും വചനം ഉറപ്പിക്കുന്നതിനും അത്ഭുതങ്ങളും അടയാളങ്ങളും അനിവാര്യമായിരുന്നു. പക്ഷെ അതിനു ശേഷം അത് ആവശ്യമില്ല എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു (1 കൊരിന്ത്യർ 13:8-13).ഇപ്പോൾ നമുക്ക് ആവശ്യമായ സന്ദേശം ബൈബിളിൽ ഉണ്ട്.

എഴുതപ്പെട്ട വചനത്തിൽ വാഗ്ദാനങ്ങളും കൽപനകളും

മുന്നറിയിപ്പുകളും ഉള്ളതിനാൽ നമുക്ക് വിഷമിക്കേണ്ട കാര്യമില്ല.എന്തുകൊണ്ട് ക്രിസ്ത്യാനികൾക്ക് അത്ഭുതങ്ങൾ ഒന്നുമില്ലാതെ സത്യവേദപുസ്തകം മാത്രം തന്നിരിക്കുന്നു എന്നു ഞാൻ ലപപ്പോഴും ചിന്തിച്ചിട്ടുണ്ട്. പാപിക്ക് പാപബോധം വരുത്തുവാനും, സഭയെ ശക്തിപ്പെടുത്തുവാനും, ക്രിസ്ത്യാനിക്ക് ഭക്തിയുള്ള ജീവിതം നയിക്കുവാനും, ദുരുപദേശങ്ങളെ ഇല്ലാതാക്കുവാനും ബൈബിൾ മാത്രം മതിയോ? ദൈവം അത്ഭുതങ്ങൾ ചെയ്ത ഉദ്ദേശത്തെ നാം ഒന്നുകൂടെ വിലയിരുത്തിയാൽ നന്നായിരിക്കും എന്നു തോന്നുന്നു.

എബ്രായ ലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക: "ദൂതന്മാർ മുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചു തന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?" (എബ്രായർ 2:2-4). ഒരു അടയാളമായാലും മുന്നറിയിപ്പായാലും അതിനേക്കാൾ വലിയ ഒന്നുണ്ട് എന്നു കാണിക്കുകയാണ്. ഒരു രോഗിക്ക് ആസ്പത്രിയുടെ അടയാളമാണോ അതോ ആസ്പത്രി ആണോ വലുത്? തീർച്ചയായും ആസ്പത്രിയാണ്. കാരണം രോഗ സൗഖ്യം ആസ്പത്രിയിൽനിന്നാണ് ലഭിക്കുന്നത്. പ്രാധാന്യമുള്ളതിന് പ്രാധാന്യം കൊടുപ്പാനും അപ്രധാനമായവയെ ആ രീതിയിൽ കാണുവാനും നമുക്ക് കഴിയണം.

മനുഷ്യർക്ക് എപ്പോഴാണ് ഓരോന്നിന്റേയും ആവശ്യമെന്ന് നമ്മെക്കാൾ കൂടുതൽ അറിയാവുന്നത് ദൈവത്തിനാണ്. ആ ഒരു തിരിച്ചറിവ് എല്ലാവർക്കും വേണം. ആദ്യ ക്രിസ്ത്യാനികൾക്ക് എഴുതപ്പെട്ട വചനം ഇല്ലായിരുന്നു. അത്ഭുതങ്ങളിൽ കൂടെ ദൈവിക ജ്ഞാനം പകരുവാൻ ഒരു സമയത്ത് ദൈവം പ്രവർത്തിച്ചു. അത്ഭുത വരങ്ങളിൽ ചിലത് ആ ഉദ്ദേശപ്രകാരമായിരുന്നു പ്രവർത്തിച്ചത്. ദൈവം ഭാവിയിൽ ശ്രേഷ്ഠമായ രീതിയിൽ പ്രവർത്തിക്കുമെന്ന് പരിശുദ്ധാത്മാവ് മുന്നറിയിച്ചിരുന്നു. ഭാവിയിൽ ദൈവം

ഉപയോഗിക്കുന്ന രീതിയെ കുറിച്ച് അജ്ഞരായിരുന്ന കൊരിന്ത്യർക്ക് അത് വെളിപ്പെടുത്തി കൊടുക്കുന്നത് ശ്രദ്ധിക്കുക. “സ്നേഹം ഒരു നാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ അത് നീങ്ങിപ്പോകും, ഭാഷാവരമോ അത് നിന്നുപോകും, ജ്ഞാനമോ അത് നീങ്ങിപ്പോകും. അംശമയതു മാത്രം നാം അറിയുന്നു. അംശമായി മാത്രം പ്രവചിക്കുന്നു, പൂർണ്ണമായതു വരുമ്പോഴോ അംശമായത് നീങ്ങിപ്പോകും” ( 1 കൊരിന്ത്യർ 13:8-10). പലരും തിരുവെഴുത്തുകളെ ശോധന ചെയ്ത് വിവേചിച്ചു മനസിലാക്കാത്തതാണ് പ്രശ്നം.

യേശുക്രിസ്തു പറഞ്ഞത് സത്യം നിങ്ങൾ അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്നാണ് (യോഹന്നാൻ 8:32). അതായത് ദൈവം വെളിപ്പെടുത്തിയ പരിജ്ഞാനം മുഖാന്തരമാണ് ആളുകൾക്ക് സത്യാവസ്ഥ മനസിലാക്കുവാൻ കഴിയുന്നത്. ആത്മിയമായ അന്ധകാരത്തിലാണ് മനുഷ്യർ ഇന്ന്. അവർക്ക് വെളിച്ചം പകരുന്നത് ക്രിസ്തുവിന്റെ വചനമാണ്. യഥാർത്ഥത്തിൽ ദൈവം വെളിപ്പെടുത്തിയതല്ലാതെ മറ്റൊരു അറിവും നമുക്ക് ആവശ്യമില്ല. അത്ഭുതവരങ്ങളും അവയുടെ ഉപയോഗവും താൽക്കാലികമായിരുന്നു. അതിൽകൂടെ അംശമായ അറിവ് മാത്രമാണ് ലഭിച്ചിരുന്നത് എന്നാൽ വചനം പൂർണ്ണമായി നമുക്കുള്ളതുകൊണ്ട് നാം മുഖാമുഖമായി കാണുന്നു. അംശമായ വെളിപ്പാടിന് ഒരു സമയമുണ്ടായിരുന്നു. പൂർണ്ണമായ വെളിപ്പാടിനും ഒരു സമയം ഉണ്ടായിരുന്നു എന്നത് സ്പഷ്ടമാണ്. എല്ലാ തിരുവെഴുത്തും ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവനാക്കുവാൻ മതിയായതാണ്.

ഇന്ന് ദൈവമനസ് എന്തെന്ന് അറിയുവാൻ ബൈബിൾ വായിക്കുകയാണ് വേണ്ടത്. മനുഷ്യനിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നത് എന്താണെന്ന് അറിയുവാൻ നാം ബൈബിൾ വായിക്കണം. ബൈബിൾ വായിച്ച് പഠിക്കുക എന്നതാണ് മനുഷ്യർക്ക് ദൈവം നൽകിയിട്ടുള്ള ചുമതല. മനസിലാക്കിയാൽ മാത്രം പോരാ. അത് ജീവിതത്തിൽ പാലിക്കണം. പുതിയനിയമമാണ് ഇന്ന് എല്ലാവരും അനുസരിക്കേണ്ടത്. ക്രിസ്തു വീണ്ടും വരുന്നതുവരെ ആ നിയമം പ്രാബല്യത്തിലുണ്ടാകും.

# യേശുക്രിസ്തു യജമാനനും ഗുരുവും

## കെന്നത്ത് ടിഫ്ടൺ

യേശു ആരാണെന്നതിനെ കുറിച്ച് പല തെറ്റിദ്ധാരണകളും നിലനിൽക്കുന്നുണ്ട് എന്നത് സത്യമാണ്. എന്നാൽ അവൻ തന്റെ ഐഹിക കാലത്ത് താൻ ആരാണെന്ന് വെളിപ്പെടുത്തി കൊടുത്തിരുന്നു. അത് തിരുവെഴുത്തിൽനിന്നു നാം മനസിലാക്കാതെ പോകരുത്. പല മത വിഭാഗങ്ങളും യേശുവിനെ നല്ല ഒരു ഗുരുവായും മശിഹയായിട്ടും കരുതുന്നു. അതേ സമയം യേശു യജമാനനും ആയിരുന്നു. സകല സൃഷ്ടിത്വവും അവൻ മുഖാന്തരമാണ് നടന്നത്. തന്റെ മലമ്പ്രസംഗത്തിൽ വെളിപ്പെടുത്തിയ കാര്യങ്ങൾ ക്രിസ്തു ആരാണെന്ന് വ്യക്തമാക്കുന്നവയാണ്. അവൻ ചെയ്ത പ്രവൃത്തികളും അവന്റെ വ്യക്തിത്വത്തെ എടുത്തു കാണിക്കുന്നു. അവൻ ദൈവപുത്രനും മനുഷ്യപുത്രനും ആയിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. സ്ത്രീയുടെ സന്തതിയായിട്ടാണ് അവൻ ജനിച്ചത്. മുന്നറിയിച്ചതനുസരിച്ചാണ് അവൻ ഈ ലോകത്തിലേക്ക് വരുന്നത്.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും. നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ സ്വർഗരാജ്യം അവർക്കുള്ളത്. പഴയ നിയമത്തേക്കാൾ ശ്രേഷ്ഠമായ നിയമമാണ് ക്രിസ്തുവിന്റേത്. മനുഷ്യർ നേരിടുന്ന ഏതു പ്രശ്നത്തിനും ശാശ്വത പരിഹാരമാണ് അവന്റെ ഉപദേശം. പ്രതികാരമനോഭാവം ബന്ധങ്ങളെ ഉലക്കുമെന്ന് അവൻ നമ്മെ പഠിപ്പിച്ചിരിക്കുകയാണ്. സാധാരണക്കാർ ഉപയോഗിക്കുന്ന നിസാരവസ്തുക്കളെ എടുത്തു യേശു ചിത്രീകരിക്കുന്നത് നാം ആരാണെന്ന് തിരിച്ചറിയേണ്ടതിനാണ്. ഉദാഹരണത്തിന് “നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പിനു കാരമില്ലാതെ പോയാൽ അതിന് എന്തോന്നുകൊണ്ട് രുചി വരുത്താമെന്നും പിന്നെ അതിനെ പുറത്തു ചവിട്ടുവാൻ മാത്രം ഉപകരിക്കുകയുള്ളു എന്നും അവൻ പഠിപ്പിക്കുന്നു. ക്രിസ്തുവിൽ ആയവരെ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു പറഞ്ഞു. യേശു ലോകത്തിൽ ജീവിച്ചതു

വെളിച്ചമായിട്ടാണ്. അതായത് അവനിൽ പാപം ഒന്നുമില്ലായിരുന്നു. അവന്റെ വായിൽ വഞ്ചനയുമില്ലായിരുന്നു. ലോകത്തിൽ ജീവിക്കുന്ന ആളുകളിൽ നടന്നുകൊണ്ടിരിക്കുന്ന നിയമലംഘനങ്ങളിൽ ഏതാനും എടുത്ത് അതിനെ വേരോടെ ഇല്ലാതാക്കുവാനായിരുന്നു അവൻ നിർദ്ദേശിച്ചത്. ദൈവഭക്തിയോടെ ജീവിക്കുന്ന ആളുകൾക്ക് ഇനിയും കൂടുതൽ ഭക്തിയോടെ എങ്ങനെ ജീവിക്കുവാൻ കഴിയുമെന്ന് അവൻ ഉപദേശിച്ചുകൊടുക്കുന്നു. ക്രിസ്തുവിന്റെ ഉപദേശത്തെ എതിർക്കുവാനോ അതിനേക്കാൾ ഉയർന്ന രീതിയിൽ ഉപദേശിപ്പാനോ ആർക്കും കഴിയുകയില്ല.

ലോകത്തിലുള്ള ഏതൊരു മതോപദേശത്തെ എടുത്താലും നമുക്ക് താരതമ്യം ചെയ്താൽ പുതിയ നിയമോപദേശത്തിന്റെ ഔന്നത്യം നമുക്ക് മനസിലാകും. അതിനു പകരം ആളുകൾ ചെയ്യുന്നത് കുറ്റങ്ങൾ ആരോപിക്കുകയാണ്. അത് ആർക്കും ഒരു ഗുണവും ചെയ്യുകയില്ല. എല്ലാ മതങ്ങളെ കുറിച്ചും ആളുകൾ പഠിക്കുകയും വിവേചിക്കുകയും വേണം. ലോകപ്രകാരമുള്ള വിദ്യാഭാസത്തിൽ ഉയരണമെന്ന ആഗ്രഹം മനുഷ്യർക്കുള്ളത് നല്ലതാണ്. ആത്മിയമായ കാര്യങ്ങളിലും നമുക്ക് ആ ലക്ഷ്യം വേണം. സമ്പത്ത് എങ്ങനെ കൈകാര്യം ചെയ്യണം, ആകുലത എങ്ങനെ കൈകാര്യം ചെയ്യണം, സ്ത്രീകളുമായുള്ള ബന്ധം എപ്രകാരം ആയിരിക്കണമെന്നും അവൻ പഠിപ്പിക്കുന്നു. മറ്റുള്ളവർ നിങ്ങൾക്ക് ചെയ്യേണം എന്നു നിങ്ങൾ ഇഛിക്കുന്നത് നിങ്ങൾ അവർക്ക് ചെയ്യുവിൻ (മത്തായി 7:12). അങ്ങനെ ചെയ്താൽ പരാതിയും പരിഭവവും ഒഴിവാക്കാം. മറ്റുള്ളവരുടെ കുറ്റം കണ്ടുപിടിക്കുവാൻ നടക്കുന്നവരോട് യേശു പറയുന്നത് സ്വന്തം തെറ്റുകൾ മനസിലാക്കി തിരുത്തുവാനാണ്.

നാം യേശുവിന്റെ മാതൃകയുസരിച്ച് പഠിപ്പിക്കുകയാണെങ്കിൽ അവനെ പോലെ നല്ല ഗുരുവാകും. അവന്റെ ഉപദേശം ജീവിതത്തിൽ പ്രായോഗികമാക്കുകയാണെങ്കിൽ ജീവിതവും വ്യത്യസ്ത മായിരിക്കും. സാമൂഹ്യജീവിതത്തിന് ഉപകാരപ്പെടുന്ന ആത്മിയമായ ഉപദേശമാണ് യേശുക്രിസ്തുവിന്റേത്. ദൈവനിയമത്തെ പാലിക്കുവാൻ കഴിയുന്നവർക്ക് യോജിക്കുന്നതാണ് അത്. .

# അവനോടുകൂടെ മരിച്ചാൽ ജീവിക്കും

## സണ്ണി ഡേവിഡ്

ശരീരത്തിലിരിക്കുമ്പോഴാണ് മനുഷ്യർക്ക് പാപം ചെയ്യുവാൻ കഴിയുന്നത്. പാപം ചെയ്യാതിരിപ്പാൻ മനുഷ്യർക്ക് കഴിയുന്നില്ല. പിശാച് മനുഷ്യരെ നിയമലംഘികളാകുവാൻ പ്രേരിപ്പിക്കുകയാണ്. ജഡത്തെ തൃപ്തിപ്പെടുത്തുവാൻ ആളുകൾ ജഡിക ഇച്ഛകൾ നിവർത്തിക്കുന്നു. ലൗകിക സുഖത്തിനായി ആളുകൾ അവിഹിതമായി സമ്പാദിക്കുന്നു. അത്തരത്തിലുള്ള സുഖങ്ങളെല്ലാം താൽക്കാലികമാണെന്നു മാത്രമല്ല, അതിനുള്ള ശിക്ഷയും നാം അനുഭവിക്കണം. ഏതു പാപത്തിനും അതിന്റേതായ അനന്തരഫലമുണ്ട്. അതിൽ നിന്നു പിൻമാറുവാൻ ആർക്കും സാധ്യമല്ല. പാപികളുടെ നാശം ഒഴിവാക്കുവാൻ യേശു സ്വയം മരണത്തെ സ്വീകരിച്ചു. കാരണം ആളുകളിൽ പാപം നിമിത്തം മരണം വാണുകൊണ്ടിരുന്നു. പാപത്തിന്റെ ശമ്പളം മരണമത്രെ (റോമർ 6:23).

ക്രിസ്തു സർവ്വ മനുഷ്യരുടേയും പാപം വഹിച്ചു കൊണ്ടായിരുന്നു ക്രൂശിൽ മരിച്ചത്. അത് ദൈവം മുൻനിശ്ചയിച്ചതായിരുന്നു. പാപം ചെയ്യുന്നവരെയെല്ലാം കൊല്ലുകയാണെങ്കിൽ പിന്നെ ആരും അവശേഷിക്കുകയില്ല എന്നത് വാസ്തവമാണ്. അതുകൊണ്ട് ദൈവം മനുഷ്യർക്ക് ഒരു രക്ഷാപദ്ധതി തയ്യാറാക്കി. ദൈവത്തിന് മനുഷ്യരോടുള്ള കരുണയും കൃപയും അങ്ങനെ പകർന്നു കാണിച്ചു. ദൈവം എത്ര നല്ലവൻ. ആ ദൈവം ഒരുത്തൻ പോലും നശിച്ചുപോകുവാൻ ആഗ്രഹിക്കുന്നില്ല. പാപപരിഹാരയാഗം നിമിത്തം എന്നേക്കുമുള്ള ഒരു വീണ്ടെടുപ്പ് അവൻ സാധ്യമാക്കി. വ്യക്തികളായ സ്ത്രീ പുരുഷന്മാർ ദൈവത്തിന്റെ കൃപയോട് പ്രതികരിക്കുവാനാണ് ദൈവം പ്രതീക്ഷിക്കുന്നത്. ക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടും ഉയർപ്പിനോടും ഏകീഭവിക്കുവാനാണ് യേശുക്രിസ്തു പാപമോചനത്തിനുള്ള സ്നാനം കൽപിച്ചിരിക്കുന്നത് (റോമർ 6:3–6). സ്നാനത്തിനു മുൻപ് വിശ്വാസവും മാനസാന്തരവും ഏറ്റു പറച്ചലും ദൈവം

കൽപിച്ചിരിക്കുന്നു. മാനസാന്തരം എന്ന കൽപന എന്താണെന്ന് എല്ലാവരും ശരിക്കും മനസിലാക്കണം. പാപം ചെയ്തുകൊണ്ടിരുന്ന പഴയ മനുഷ്യനെ ക്രിസ്തുവിനോടുകൂടെ നാം ക്രൂശിക്കണം എന്നതാണ് ദൈവം ആഗ്രഹിക്കുന്നത്. പാപം ദൈവം വെറുക്കുന്ന ഒന്നാണ്. നിങ്ങൾ വചനപ്രകാരമാണോ സ്നാനം ഏറ്റത്? സ്നാനം ഏൽക്കുന്നതിനു മുൻപ് നിങ്ങൾ ശരിക്കും മാനസാന്തരപ്പെട്ടിരുന്നോ? അതായത് നിങ്ങളുടെ എല്ലാ പാപസ്വഭാവങ്ങളെയും മരിപ്പിച്ചിരുന്നോ? ഇല്ലെങ്കിൽ അവ പിന്നെയും പുറത്തു വരും.

ക്രിസ്തുവിന്റെ ദൗത്യനിർവ്വഹണം ആണ് ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനം. ക്രിസ്തുവിന്റെ യാഗത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക് അതിന്റെ പ്രാധാന്യം മനസിലാകും. ദൈവപുത്രനും മനുഷ്യപുത്രനുമായി ജീവിച്ച യേശു തന്റെ ശരീരവും രക്തവും ദൈവത്തിനു പ്രസാദകരമായി അർപ്പിച്ചു.അവന്റെ ശരീരം നുറുക്കപ്പെട്ടതും അവന്റെ രക്തം ചിന്തിയതും പ്രത്യേകമായ ഒരു ഉദ്ദേശത്തിനായിരുന്നു. ഒരാൾ സ്നാനം ഏൽക്കുന്നത് ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ്. മാനസാന്തരം മനുഷ്യമനസിലും പ്രവൃത്തിയിലും പ്രകടമാക്കണം. ക്രിസ്തു വഴിയും സത്യവും ജീവനുമാകുന്നു. നമ്മുടെ ഇഷ്ടപ്രകാരം ജീവിച്ചുകൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് വിചാരിക്കരുത്. സ്നാനം ഏൽക്കുന്നത് പാപം ചെയ്തുകൊണ്ടിരിക്കുന്നതിനോ കൃപ പെരുകേണ്ടതിനോ അല്ല. മറിച്ച് പാപങ്ങൾ മോചിക്കുവാൻ അധികാരമുള്ള കർത്താവിന് സ്വീകാര്യമാകുവാനാണ്. സ്നാനം ഏറ്റുകഴിഞ്ഞാൽ പിന്നെ പാപം നമ്മിൽ വരികയില്ല എന്ന് കരുതരുത്. പക്ഷെ നാം അറിയാതെ പിശാച് നമ്മെ പാപത്തിന്റെ ചതിയിൽ വീഴ്ത്തും. അപ്പോൾ നാം മാനസാന്തരപ്പെടണം. മാനസാന്തരപ്പെടുന്നവർക്കു വേണ്ടിയാണ് ക്രിസ്തു സദാ പക്ഷവാദം ചെയ്യുന്നത്.

ഒരാൾ ക്രിസ്തുവിലായാൽ അയാൾ പുതിയ സൃഷ്ടിയാകുന്നു, പഴയതു കഴിഞ്ഞുപോയി എന്നു നാം വായിക്കുന്നു (2 കൊരിന്ത്യർ 5:17). പഴയ തുരുത്തിയിൽ ആരും പുതുവീഞ്ഞ് പകരുകയില്ല. അതുപോലെ പഴയ മനുഷ്യനിൽ ദൈവം പുതിയ സൃഷ്ടിത്വവും നടത്തുകയില്ല. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ മരിച്ചാലും

ജീവിക്കും എന്നു കർത്താവ് തന്നെ പറഞ്ഞിരിക്കുന്നു. ദൈവ കോപം അനുസരണം കെട്ടവരുടെ മേൽ വരുവാൻ കാരണം അവരുടെ പാപജീവിതമാണ്. ഒരു ദൈവപൈതലിന്റെ ജീവിതം ദൈവ കല്പനപ്രകാരം നയിക്കേണ്ടതാണ്. പലപ്പോഴും ആളുകൾ ആത്മിക ജീവിതത്തിലേക്ക് തിരിയാതെ ലൗകിക ജീവിതത്തിലേക്കാണ് ആകൃഷ്ടരാകുന്നത് മനുഷ്യനെ അശുദ്ധമാക്കുന്നത് അവന്റെ ഉള്ളിൽ നിന്നും പുറപ്പെടുന്ന പാപേഛകളാണ്. ജഡത്തിന്റെ ചിന്ത മരണവും ആത്മാവിന്റെ ചിന്ത ജീവനും ആകുന്നു. ജഡത്തിൽ വിതെക്കുന്നവൻ നാശം കൊയ്യും, ആത്മാവിൽ വിതെക്കുന്നവൻ നിത്യജീവനെ കൊയ്യും. അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുതിതിയിരിക്കുന്ന സത്യം നാം ഗ്രഹിക്കണം.

ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന്ന് ന്യായപ്രമാണത്താൽ ന്യായപ്രമാണസംബന്ധമായി മരിച്ചു ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. . ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ച് എനിക്ക് വേണ്ടി തന്നെത്താൻ ഏൽപിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നത്. ഞാൻ ദൈവത്തിന്റെ കൃപ വൃഥാവാക്കുന്നില്ല. ന്യായപ്രമാണത്താൽ നീതി വരുന്നു എങ്കിൽ ക്രിസ്തു മരിച്ചത് വെറുതെയത്രെ (ഗലാത്യർ 2:19-21). നാം ക്രിസ്തുവിനോടുകൂടെ മരിച്ചു അടക്കപ്പെട്ടു എങ്കിൽ അവനോടുകൂടെ ഉയർത്തെഴുന്നേൽക്കും. മാത്രമല്ല ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റിരിക്കുന്നവരെ കർത്താവ് രക്ഷിച്ച് സ്വർഗത്തിൽ ഇരുത്തിയിരിക്കുന്നു. നാം സ്വർഗീയന്മാരാകേണ്ടതിനാണ് അങ്ങനെ ചെയ്തിരിക്കുന്നത്. നമ്മുടെ ചിന്ത ഉയരങ്ങളിലുള്ളതായിരിക്കണം. ലോകം നമ്മെ വശീകരിക്കരുത് എന്നു സാരം. ക്രിസ്ത്യാനിയായി തീരുന്ന ഓരോ വ്യക്തിക്കും പരീക്ഷണങ്ങളും കഷ്ടതകളും നേരിടേണ്ടി വരും. നാം കൊള്ളാകുന്നവരായി തെളിയേണ്ടതിനാണ്. അവസാനത്തോളം നാം സഹിച്ചുനിൽക്കണം.

# ക്രിസ്തു ആണ് തല

## എൽവുഡ് ഹോൾട്

ക്രിസ്തുവിനെ കർത്താവേ എന്ന് വിളിക്കുന്നവർ അനവധിയാണ്. പക്ഷെ എല്ലാവരും അവനെ വ്യക്തികളുടേയും സഭയുടേയും തലയായി കണക്കാക്കുന്നില്ല. ഞാൻ ക്രിസ്തുവിനെ എന്റെ ജീവിതത്തിന്റെ കർത്താവാക്കി മാറ്റണം. എന്റെ ജീവിതത്തെ ഞാൻ നിയന്ത്രിച്ചുകൊണ്ട് കർത്താവിനെ വിളിക്കുന്നതിൽ അർത്ഥമില്ല. ഒരു ശരീരത്തെ നിയന്ത്രിക്കുന്നത് തലയാണ്. ശരീരത്തിലെ ഓരോ അവയവവും അതതിന്റെ പ്രവൃത്തികൾ ചെയ്യുന്നത് തലയുടെ നിർദ്ദേശപ്രകാരം ആയിരിക്കും. ദൈവം മനുഷ്യരെ നിർമ്മിച്ചിരിക്കുന്നത് ആ വിധത്തിൽ പ്രവർത്തിക്കുവാനാണ്. തന്റെ സാദൃശത്തിലും സ്വരൂപത്തിലുമാണ് അവൻ നമ്മെ മെനഞ്ഞുണ്ടാക്കിയത്. സൃഷ്ടികർത്താവായ ദൈവം നമ്മെ ഈ ഭൂമിയിൽ ജീവിക്കുവാൻ തക്കവണ്ണം ശരീരത്തെ ഘടിപ്പിച്ചിരിക്കുന്നു. ശരീരത്തെ ഉപയോഗിക്കേണ്ടത് ആ ഉദ്ദേശപ്രകാരമായിരിക്കണം. തലക്ക് കീഴ്പ്പെട്ട് എല്ലാ അവയവങ്ങളും അതാതിന്റെ കടമ നിർവ്വഹിക്കുകയാണെങ്കിൽ കുഴപ്പമില്ല.

ആടുകൾക്ക് വേണ്ടി ജീവനെ വെടിഞ്ഞ നല്ല ഇടയനാണ് യേശു ക്രിസ്തു. തന്നെ അനുസരിക്കുന്നവരുടെ രക്ഷകനാണ് അവൻ. യേശു ഭൗതികമായോ ലൗകികമായോ അല്ല നമ്മെ നിയന്ത്രിക്കുവാൻ ആഗ്രഹിക്കുന്നത്. അവൻ നമ്മുടെ ആത്മാക്കളെ കുറിച്ചാണ് കരുതുന്നത്. അവൻ സഭ എന്ന ശരീരത്തിന്റെ തലയുമാകുന്നു (കൊലൊസ്സ്യർ 1:18). സഭ എന്നത് ക്രിസ്തുവിന്റെ ആത്മിയ ശരീരമാണ്. അവന് ഒരു ശരീരം മാത്രമെയുള്ളു. അതായത് കർത്താവിന് ഒരേ ഒരു സഭയാണുള്ളത്. സഭ കർത്താവിന്റെ മണവാട്ടിയാണ്. അവന് ഒരു മണവാട്ടി മാത്രമാണുള്ളത്. സഭയിലെ അംഗങ്ങൾ എല്ലാവരും മുന്തിരിവള്ളിയോട് ചേർക്കപ്പെട്ട കൊമ്പുകളാണ്. മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ കൊമ്പുകൾക്ക് ഫലം പുറപ്പെടുവിക്കുവാൻ സാധ്യമല്ല. കൊരിന്ത്യ ലേഖനത്തിൽ പൗലൊസ് അപ്പൊസ്തലൻ അതിനെ കുറിച്ചു ചിത്രീകരിക്കുന്നത് ദയവായി മനസിലാക്കുക.

എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ ക്രിസ്തുവിന്റെ തല ദൈവം എന്ന് നിങ്ങൾ അറിയാതിരിക്കരുത് (1 കൊരിന്ത്യർ 11:3). അന്യോന്യമുള്ള ബന്ധം. നാം മനസിലാക്കുവാനാണ് അത് വെളിപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തു സഭയുടെ തലയായിരിക്കുന്നതുപോലെ അവൻ സഭയുടെ രക്ഷിതാവുമാണ് (എഫെസ്യർ 5:23). സ്വർഗത്തിലുള്ളതും ഭൂമിയിലുള്ളതും, ദൃശ്യമയതും അദൃശ്യമായതും എല്ലാം അവൻ മുഖാന്തരവും അവന്നായിക്കൊണ്ടുമാണ് സൃഷ്ടിച്ചത് (കൊലൊസ്യർ 1:116). അവൻ മുഖാന്തരമല്ലാതെ ഒന്നും സൃഷ്ടിക്കപ്പെട്ടില്ല എന്നത് പ്രാധാന്യമർഹിക്കുന്നു. ഈ പ്രപഞ്ചവും ഇവിടെ കാണുന്നതെല്ലാം ഒന്നു വീക്ഷിക്കുക. നമ്മുടെ കണ്ണുകൾകൊണ്ട്. കാണുവാൻ സാധ്യമല്ലാത്തവയും അവനാൽ നിർമ്മിക്കപ്പെട്ടു എന്നത് അറിയുമ്പോൾ ക്രിസ്തുവിന്റെ മഹത്വം അവർണ്ണനീയമാകുന്നു. കടലിലും കരയിലും ജീവിക്കുന്ന ജന്തുക്കളെ നോക്കുക.

കരയിൽ കാണുന്ന വൃക്ഷങ്ങളും ചെടികളും അവയുടെ പുഷ്പങ്ങളും ഫലങ്ങളും ശ്രദ്ധിക്കുക. മനുഷ്യനെ അത്ഭുതകരമായും അതിശയകരമായിട്ടാണ് മെനഞ്ഞിരിക്കുന്നത് കടലിലെ തിരമാലകളെ പരിഗണിക്കുക. അവയ്ക്ക് അടിയിലാണ് മൽസ്യങ്ങൾ വളരുന്നത്. അവ എങ്ങനെ വെള്ളത്തിനടിയിൽ വളരുന്നു എന്നത് നമ്മെ വിസ്മയിപ്പിക്കുന്നു. ആകാശത്തിലെ പറവകളെയും മനോഹരമായ ചിത്രശലഭങ്ങളെയും നോക്കുക. മനുഷ്യൻ അവയെയെല്ലാം നിയന്ത്രിക്കുന്നു. സൃഷ്ടികർത്താവാണ് മനുഷ്യനെ അതിന് അധികാരപ്പെടുത്തിയത്. ജീവനുള്ളവക്കും ജീവനില്ലാത്തവക്കും പുനരുൽപാദനത്തിന് ശേഷി കൊടുത്തത് നിർമ്മാതാവ് തന്നെയാണ്. കാണപ്പെടുന്നതോ കാണപ്പെടാത്തതോ എന്തു തന്നെയായാലും അവ ഒന്നും യദൃശ്ചികമായി ഉടലെടുത്തത് അല്ല എന്നതിന് ഇതിലധികം തെളിവുകൾ ആവശ്യമില്ല. വിശ്വസിക്കാത്തവരെ സംബന്ധിച്ച് എന്തു പറയാൻ കഴിയും! യേശുക്രിസ്തുവിന്റെ നാമം സർവ്വ നാമത്തിലും മേലായ നാമമാണ്. സർവ്വത്തിനും മീതെ അവനെ തലയാക്കി വെച്ചിരിക്കുന്നു. ദൈവത്തോടു തുല്യമായ അവസ്ഥയിലായിരുന്ന വ്യക്തി മനുഷ്യനായി ഭൂമിയിൽ അവതരിച്ചു എന്നത് യാഥാർത്ഥ്യമാണ്.

അവന്റെ വായിൽനിന്നും വന്ന വാക്കുകളും അവന്റെ പ്രവൃത്തികളും നാം പരിശോധിച്ചാൽ അവൻ ആരാണെന്ന് വ്യക്തമാകും.

കടൽത്തീരത്തെ മണൽ തരി തൊട്ട് പ്രപഞ്ചത്തെ മുഴുവനും സൗരയൂഥത്തിലെ ഗ്രഹങ്ങളും നാം നിരീക്ഷിക്കുമ്പോൾ അവയുടെ പ്രവർത്തനത്തെ ആരാണ് നിയന്ത്രിക്കുന്നത് എന്നു ചിന്തിച്ചുപോകും. സ്വയമായി അവയൊന്നും പ്രവർത്തിക്കുകയില്ല. സൃഷ്ടാവിന്റെ കരവും അവന്റെ കൽപനകളും അനുസരിച്ചാണ് എല്ലാം ചലിക്കുന്നത്. എബ്രായ ലേഖകൻ രേഖപ്പെടുത്തി യിരിക്കുന്നത് ശ്രദ്ധിക്കുക, "കർത്താവേ നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനം ഇട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു (എബ്രായർ 1:10). യേശു ക്രിസ്തു സകലത്തിനും മുമ്പെ ഉണ്ടായിരുന്നവനാണെന്ന് അപ്പൊസ്തലൻ വ്യക്തമാക്കിയിരിക്കുന്നു. ദൈവം പണ്ട് ഭാഗം ഭാഗം ആയും വിവിധ രീതിയിലും സംസാരിച്ചു എങ്കിൽ ഈ അന്ത്യകാലത്ത് അവൻ തന്റെ പുത്രൻ മുഖാന്തരമാണ് നമ്മോട് സംസാരിക്കുന്നത്. ഇപ്പോൾ അവൻ സകലത്തെയും തന്റെ വചനത്താലാണ് വഹിക്കുന്നത്. കർത്താവ് വീണ്ടും മടങ്ങി വരുന്നതുവരെ അവൻ വാണുകൊണ്ടിരിക്കും.

രാജാധി രാജാവും കർത്താധികർത്താവുമായവൻ വീണ്ടും വരമ്പോൾ ലോകാവസാനവും അന്തിമ വിധിയും നടത്തും. ന്യായം വിധിക്കുവാനുള്ള അധികാരം പിതാവ് പുത്രന് നൽകി യിരിക്കുന്നു. വീണ്ടെടുക്കപ്പെട്ടവർക്ക് അവകാശമായി നൽകുന്നത് ദൈവത്തോടുകൂടിയുള്ള നിത്യതയാണ്. സകല മനുഷ്യരും കർത്താവിന്റെ ന്യായവിസ്താരത്തിനു മുമ്പിൽ നിൽക്കേണ്ടി വരും. ക്രിസ്തുവിന്റെ മടങ്ങി വരവിൽ മരിച്ചവർ ഉയർത്തെഴുന്നേൽക്കും. അവൻ ഗംഭീര നാദത്തോടും കാഹള നാദത്തോടും കൂടെ ആയിരിക്കും വരുന്നത്. പക്ഷെ അത് എപ്പോൾ സംഭവിക്കുമെന്ന് മനുഷ്യർക്ക് ആർക്കും അറിയില്ല. അറിയാത്ത കാര്യങ്ങൾ കസംസാരിക്കുവാൻ ചിലർ സമർത്ഥരാണ്. അവരാണ് യേശുവിന്റെ വരവ് എപ്പോഴായിരിക്കുമെന്ന് പ്രവചിക്കുന്നത്. അവന്റെ വരവിൽ സംഭവിക്കുവാനിരിക്കുന്ന കാര്യങ്ങളെ കുറിച്ച് വചനത്തിൽ പറയുന്നത് മാത്രം വിശ്വസിക്കുക. വഞ്ചനയിൽ കുടുങ്ങാതിരിക്കുക..

✶

*Watch!*

# SATHYANADAM

## TV PROGRAME

### TRUE GOSPEL MESSAGE

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!